**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2866** **25-06-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല ദർശനത്തിന് ഓൺലൈൻ ബുക്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ശബരിമല ദർശനത്തിന് സ്പോട്ട് ബുക്കിംഗ് നിർത്തലാക്കുവാനും ഓൺലൈൻ ബുക്കിംഗ് മുഖേന സ്ലോട്ട് ലഭിക്കുന്നവർക്ക് മാത്രമായി ദർശനം പരിമിതപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൊല്ലവർഷം 1200-ലെ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തിനുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി ശബരിമല വെർചൽ ക്യൂ പ്രതിദിനം 80,000 ആയി നിജപ്പെടുത്തുന്നതിനും സ്പോട്ട് ബുക്കിങ് ഒഴിവാക്കുന്നതിനുമാണ് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ഈ രീതിയിൽ ദർശനം പരിമിതപ്പെടുത്തുന്നത് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | മുൻ വർഷത്തെ തിരക്ക് കണക്കിലെടുത്ത് തിരക്ക് നിയന്ത്രിച്ച് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ സുഗമമായി അയ്യപ്പ ദർശന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ രീതി നടപ്പാക്കാൻ തീരുമാനിച്ചതെന്നും ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ പരിശോധിച്ചു വരുന്നുണ്ട് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | ശബരിമലയിൽ ഭക്തരുടെ തിരക്ക് നിയന്ത്രിക്കുന്നതിൽ സംവിധാനങ്ങൾക്കുണ്ടായ വീഴ്ചകളുടെ പേരിൽ വരുംവർഷങ്ങളിൽ ഭക്തജനങ്ങളുടെ ദർശന സൗകര്യം പരിമിതപ്പെടുത്തുന്നതിനുള്ള തീരുമാനം ഉചിതമാണെന്ന് കരുതുന്നുണ്ടോ; ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ ? | (സി) | മുൻ വർഷത്തെ തിരക്ക് കണക്കിലെടുത്ത് തിരക്ക് നിയന്ത്രിച്ച് ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ സുഗമമായി അയ്യപ്പ ദർശന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ രീതി നടപ്പാക്കാൻ തീരുമാനിച്ചതെന്നും ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ പരിശോധിച്ചു വരുന്നുണ്ട് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ